"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – സഹകരണ വകുപ്പിന്റെ വിവിധ ഓഫീസുകളുടെ ആവശ്യത്തിനായുള്ള 11 വാഹനങ്ങളുടെ വാടകയിനത്തിൽ ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.454/2025/Co-Op തീയതി,തിരുവനന്തപുരം, 25-10-2025

---

പരാമർശം:-
1. സഹകരണ സംഘം രജിസ്ട്രാറുടെ 03/09/2025 ലെ പി&എം എ (1)/5785/2025 നം. കത്ത്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 03.09.2025 ലെ പി&എം ബി(2)12716/2024 നം. കുറിപ്പ്
3. 25/09/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
4. ഇ. അനുമതി നം. AS/COP/25/47118 Subsidy

**ഉത്തരവ്**

സഹകരണ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി അനെർട്ട്/അനുബന്ധ സ്ഥാപനങ്ങളിൽ നിന്നും ഇലക്ട്രിക് വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ധനസഹായം സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായുള്ള ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ വകുപ്പിന്റെ വിവിധ ആഫീസുകളിലേക്ക് ചുവടെപ്പറയും പ്രകാരം 11 വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ പരാമർശം (1, 2) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ആഫീസിന്റെ പേര് | വാഹനങ്ങളുടെ എണ്ണം | വാഹനത്തിന്റെ ലീസ് തുക (ലക്ഷത്തിൽ) |
|---|---|---|
| ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കോഴിക്കോട്, കാസറഗോഡ് | 7 | 26,46,000/- (3,78,000x7) |
| സഹകരണ വിജിലൻസ് മേഖലാ ആഫീസ്, (ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ) | 3 | 11,34,000/- (3,78,000x3) |
| സഹകരണസംഘം രജിസ്ട്രാർ ആഫീസ് | 1 | 3,78,000/- (3,78,000 x 1) |
| ആകെ തുക | | 41,58,000/- |

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും 25/09/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, സഹകരണ വകുപ്പിന്റെ ആധുനികവൽക്്കരണ പദ്ധതി പ്രകാരം വാഹനങ്ങളുടെ വാടകയിനത്തിൽ 2425-00-001-91-97 സബ്സിഡി ശീർഷകത്തിൽ നിന്നും മുൻ ഖണ്ഡികയിലെ പട്ടികയിൽ പരാമർശിയ്ക്കും പ്രകാരം ആകെ 1 1 വാഹനങ്ങൾക്ക് ആപ്ലിക്കബിൾ ജി.എസ്.റ്റി. ഉൾപ്പെടെ 41.58 ലക്ഷം രൂപ (നാൽപ്പത്തൊന്ന് ലക്ഷത്തി അമ്പത്തെണ്ണായിരം രൂപ

മാത്രം) ധനസഹായം 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/215/2025)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 25-10-2025 17:02:18

സെക്ഷൻ ഓഫീസർ.

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.